# അക്കാദമിക

# മാസ്റ്റർ പ്ലാൻ

എം. എസ്. വി എം. യു. പി. സ്കൂൾ

ചുനങ്ങാട്

2025 - 26

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എം. എസ്. വി. എം. യു. പി. സ്കൂൾ<br>ചുനങ്ങാട്<br>ചുനങ്ങാട് പോസ്റ്റ്<br>പാലക്കാട് - 679511 |
| സ്കൂൾ കോഡ് | : | 20254 |
| ബി. ആർ. സി | : | ഒറ്റപ്പാലം. |
| ജില്ല | : | പാലക്കാട് |
| ഉപജില്ല | : | ഒറ്റപ്പാലം. |
| ഫോൺ നമ്പർ | : | 0466 2244416. |

# ആമുഖം

വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് 200 പ്രവൃത്തി ദിവസങ്ങൾ ഉണ്ടായിരിക്കണം. ഇങ്ങനെ നിർദ്ദേശിക്കപ്പെട്ട സാധ്യായ ദിനങ്ങളും മണിക്കൂറുകളും ഉറപ്പാക്കുന്നതിലൂടെ പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്ക് പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ച അറിവുകളും ശേഷികളും കൈവരിക്കാനാവശ്യമായ സമയം ലഭിക്കും. എന്നാൽ നേടിയ അറിവുകളുടെയും ധാരണകളുടെയും അടിസ്ഥാനത്തിൽ സാമൂഹിക ജീവിത സന്ദർഭങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുന്നതും പ്രശ്ന പരിഹാരത്തിനുള്ള കഴിവ് നേടുന്നതും കൂടി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്. ഇതിന് സഹായകരമായ വിധത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സസൂക്ഷ്മം ആസൂത്രണം ചെയ്യേണ്ടതുണ്ട്. ക്ലാസ് മുറിക്കകത്ത് മാത്രമല്ല പഠനം നടക്കുന്നത്. പഠനബോധന പ്രവർത്തനങ്ങളിലൂടെ കുട്ടികൾ നേടുന്ന കഴിവും, അറിവും വ്യത്യസ്ത ജീവിത സന്ദർഭങ്ങളിൽ പ്രയോഗിച്ചു നോക്കാനും, സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാനും സ്കൂൾ പഠനത്തിൽ അവസരമൊരുക്കണം. വിഷയബന്ധിതമായ അറിവുകൾ സമഗ്രമായി പ്രയോജനപ്പെടുത്തണം. വിദ്യാലയങ്ങൾ കുട്ടികൾക്ക് ഈ പഠനബോധനാനുഭവങ്ങൾ നൽകണം.

ഒന്നു മുതൽ പത്തുവരെ പഠിക്കുന്ന ഒരു കുട്ടിക്ക് സിലബസിൽ നൽകിയിട്ടുള്ള പാഠപുസ്തക ഉള്ളടക്കം, ആശയം, ധാരണകൾ ഇവ പഠന-ബോധന പ്രക്രിയയിലൂടെ വിനിമയം ചെയ്യപ്പെടണം. ഇതിലൂടെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന, എല്ലാ കുട്ടികൾക്കും പഠനത്തിനും വികസനത്തിനും തുല്യ അവസരം ലഭിക്കണമെന്ന ധാരണക്ക് വ്യക്തത കൈവരുന്നു.

# വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ

## അക്കാദമിക പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ഉദ്ദേശ്യം / ലക്ഷ്യം. | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ്. |
| --- | --- | --- | --- | --- | --- | --- | --- |
| 1. | അമൃതം [മാതൃഭാഷാ ശേഷി വർദ്ധിപ്പിക്കൽ]. | പഠിക്കുന്ന ക്ലാസ്സിനും പ്രായത്തിനും അനുസരിച്ച് കുട്ടികളിൽ ഭാഷാശേഷികൾ വികസിപ്പിക്കേണ്ടതുണ്ട്. ദൈനംദിന വ്യവഹാരത്തിനും സർഗ്ഗാത്മക വ്യവഹാരത്തിനു കൂടെ മാധ്യമം എന്ന നിലയിലും, പഠനമാധ്യമം എന്ന നിലയിലും മാതൃഭാഷയുമായി ബന്ധപ്പെട്ട വിവിധ ശേഷികൾ പ്രാധാന്യം അർഹിക്കുന്നു. | മികച്ച ഭാഷാനുഭവം നല്കുന്ന പഠനപ്രവർത്തനങ്ങൾ അധ്യാപകർ ചിട്ടപ്പെടുത്തണം. ശേഷികൾക്കനുസൃതമായ പഠനബോധന പ്രവർത്തനങ്ങളിൽ തുടർ പരിശീലനങ്ങൾ ആസൂത്രണം ചെയ്യണം; സ്വയം പഠനത്തിന് ഉപകരിക്കുന്ന പഠനാനുഭവങ്ങൾ ഒരുക്കണം. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | | HM |
| 2. | മുഴുവൻ കുട്ടികളും കലാ കായിക രംഗത്തേക്ക്. | കലാ കായിക രംഗത്ത് ഒരു കുട്ടി ഒരിനത്തിൽ എങ്കിലും എന്ന രീതിയിൽ അഭിരുചി പ്രോത്സാഹിപ്പിച്ചെടുക്കുക. | 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠനപ്രവർത്തനങ്ങളോടൊപ്പം കലാ കായിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു. | | | | |

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ഉദ്ദേശ്യം / ലക്ഷ്യം | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| | | അതുവഴി അതിന്റെ ഉയർന്ന തലത്തിലേക്ക് കുട്ടിയെ നയിക്കുക. | കുട്ടികൾക്ക് അവരവരുടെ അഭിരുചിക്കനുസൃതമായി കലാ കായിക ഇനങ്ങളിൽ കൂടുതൽ പരിശീലനം നേടാൻ അവസരമൊരുക്കുന്നു. ഉദാ: കരാട്ടെ, യോഗ, ഫുട്ബോൾ കളി, അബാക്കസ്, യോഗ, തുടർ പ്രവർത്തനങ്ങൾ, etc. | 2025 ജൂൺ മുതൽ 2026 ജൂൺ വരെ. | PTA അധ്യാപകർ | | HM PTA |
| 3. | ഇനി ഇംഗ്ലീഷ് [ഇംഗ്ലീഷ് ഭാഷാ നൈപുണി വികസനം] | പഠനത്തിനും ആശയവിനിമയത്തിനും സഹായകമായ വിധത്തിൽ ഇംഗ്ലീഷ് ഭാഷാ നൈപുണി വികസിപ്പിക്കുക. | ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുക. "ഹലോ ഇംഗ്ലീഷിന്" follow up നല്കുക. ഇംഗ്ലീഷ് പഠനത്തിലെ കുട്ടികളുടെ മികവ് പി.ടി.എ യ്ക്കും, പൊതുസമൂഹത്തിനും ബോധ്യപ്പെടുത്തിക്കൊടുക്കുന്ന– | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | | HM. |

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ഉദ്ദേശ്യം / ലക്ഷ്യം | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| | | | തിരുത്തുന്ന തരത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | | | | |
| 4. | ചതുഷ്ക്രിയ ഉറപ്പിക്കൽ. | നിത്യജീവിതത്തിലെ വ്യവഹാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയയിൽ പ്രാവീണ്യം ലഭിക്കത്തക്ക പ്രവർത്തനങ്ങൾ ചെയ്യണം. | എൽ. പി. വിഭാഗം കുട്ടികൾക്ക് വ്യത്യസ്ത രീതിയിലൂടെ പഠനമാധ്യമങ്ങളും, ടീച്ചിംഗ് ലേണിംഗ് മെറ്റീരിയലും ഉപയോഗിച്ച് ചതുഷ്ക്രിയ സ്വായത്തമാക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. ICT സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | LP വിഭാഗം അധ്യാപകർ | | HM |
| 5. | ഗണിത ക്ലിനിക്ക് | UP വിഭാഗം കുട്ടികളിൽ ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും | ജൂൺ മുതൽ മാർച്ച് വരെ | UP വിഭാഗം ഗണിത അധ്യാപകർ. | | HM |

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ഉദ്ദേശ്യം / ലക്ഷ്യം | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| | | | ചേർന്ന് വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെ അവരെ മുൻനിരയിൽ എത്തിക്കുന്നു. ICT സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നു ഗണിത ശില്പശാല, ശാസ്ത്ര ശില്പശാല എന്നിവ നടത്തുന്നു. | | | | |
| 6 | ഒപ്പത്തിനൊപ്പം [ഉറുദു, അറബിക്, ഹിന്ദി, സംസ്കൃതം- ഭാഷകളിൽ കുട്ടി- കളുടെ പ്രാവീണ്യം വർദ്ധിപ്പിക്കൽ | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നല്കണം. പ്രത്യേക പഠനവിഭവങ്ങൾ ഒരുക്കി അക്കാദമിക പിന്തു- ണയും പ്രോത്സാഹനവും നൽകണം. | ഉറുദു, അറബിക്, ഹിന്ദി, സംസ്കൃതം എന്നീ ഭാഷ- കളിൽ മാസത്തിലൊരിക്കൽ പ്രത്യേക അസംബ്ലികൾ നടത്തുന്നു. ഈ ഭാഷകളിൽ കുട്ടികൾക്ക് അധിക വായനക്കുള്ള വായനാകാർഡ്, ചെറിയ പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കുന്നു ക്ലാസ്സ്തല പതിപ്പുകൾ സ്കൂൾ | ജൂൺ മുതൽ മാർച്ച് വരെ. | | | |

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ഉദ്ദേശ്യം / ലക്ഷ്യം | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| | | | തലത്തിൽ നടത്തുന്നു. | | | | |
| 7. | നക്ഷത്ര - കൂട്ടായ്മ. [ഭിന്നശേഷിക്കാർക്കുള്ള പരിശീലനം.] | ഭിന്നശേഷിയുള്ള കുട്ടികളെ അവരുടെ കഴിവിനും അഭിരുചിക്കുമനുസരിച്ച് ഉയർച്ചയിലേക്ക് നയിക്കൽ. | പാഠാസൂത്രണം നടത്തുമ്പോൾ ഭിന്നശേഷിക്കാരെ പരിഗണിക്കുന്നു. ദിനാചരണങ്ങളിൽ ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിപാടികൾ വിഭാവനം ചെയ്യുന്നു. വൈറ്റ് കെയിൻ ഡേ, വേൾഡ് ഡിസ് ഏബിൾഡ് ഡേ, തുടങ്ങിയ ദിനാചരണങ്ങൾ പൊതുസമൂഹം, തദ്ദേശ സ്വയം ഭരണ - സ്ഥാപനങ്ങൾ, പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവരുടെ സഹായത്തോടെ വിപുലമായി നടത്തും. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | | HM. |

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ഉദ്ദേശ്യം / ലക്ഷ്യം. | പ്രവർത്തന രീതി. | കാലയ-ളവ് | ചുമതല | സാമ്പ-ത്തിക | മോണി-റ്ററിംഗ്. |
|---|---|---|---|---|---|---|---|
| 8. | പരീക്ഷണശാല | സ്കൂളിലെ മുഴുവൻ കുട്ടി-കളെയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുക. ശാസ്ത്രത്തിന്റെ രീതി മനസ്സി-ലാക്കി കുട്ടികളിൽ ശാസ്ത്ര-ബോധം വളർത്തുക. കുട്ടിശാസ്ത്രജ്ഞന്മാരെ വളർ-ത്തിയെടുക്കുക. | അസംബ്ലിയിൽ ഒരു ദിവസം ഒരു ക്ലാസിന്റെ വക പരീക്ഷണം പരി-ചയപ്പെടുത്തുന്നു. പരീക്ഷണത്തിന്റെ പേര്, പ്രവർത്തന രീതി, ആവ-ശ്യമായവ ചാർട്ടിൽ എഴുതി പരീക്ഷണത്തിനൊപ്പം പ്രദർശിപ്പിക്കുന്നു. എല്ലാ കുട്ടികളും ശാസ്ത്ര പുസ്തകത്തിൽ പരീക്ഷണ നിരീക്ഷണ-ങ്ങൾ രേഖപ്പെടുത്തുന്നു. ക്ലാസ്സിൽ ധാരാളം പരീ-ക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാ-പകർ | | HM |
| 9 | ഭൂമിയെ തൊട്ട-റിയൽ. ചരിത്രത്തെ തൊട്ടറിയൽ. | ഭൂമിശാസ്ത്രത്തിലുള്ള കുട്ടിക-ളുടെ താല്പര്യം വർദ്ധിപ്പി-ക്കൽ. ചരിത്രത്തെക്കുറിച്ച് | ഗ്ലോബ് നിർമ്മാണം, ഭൂപട വായന, അക്ഷാം-ശ രേഖാംശ രേഖകളുടെ പ്രാധാന്യം, വിവിധ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാ-പകർ | | HM |

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ഉദ്ദേശ്യം / ലക്ഷ്യം | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ്. |
|---|---|---|---|---|---|---|---|
| | | കൂടുതൽ ധാരണ കുട്ടികൾക്ക് ലഭിക്കുന്നതിന്. | രാജ്യങ്ങളിലെ സമയവ്യത്യാസം മനസിലാക്കി ഉതകുന്ന തരത്തിലുള്ള ശില്പശാലകൾ സംഘടിപ്പിക്കുന്നു. ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു, ചരിത്ര പ്രാധാന്യമുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നു. | | | | |
| 10. | കൂടുതൽ താരങ്ങൾ | 2025-26 അധ്യയന വർഷം കൂടുതൽ കുട്ടികൾക്ക് LSS, USS സ്കോളർഷിപ്പ് നേടിക്കൊടുക്കൽ. | 4, 7 [illegible] ക്ലാസ്സുകളിലെ കുട്ടികൾക്ക് 2025 ആഗസ്റ്റ് മാസം മുതൽ LSS, USS കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്നുണ്ട്. | 2025 ആഗസ്റ്റ് മുതൽ 2026 ഫെബ്രുവരി വരെ | അധ്യാപകർ | | HM |

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ഉദ്ദേശ്യം / ലക്ഷ്യം | പ്രവർത്തന രീതി. | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| 11. | വായിച്ചു വളരാം [വായനയിലേക്ക് മുഴുവൻ കുട്ടികളെയും എത്തിക്കൽ]. | മുഴുവൻ കുട്ടികളെയും വായനയുടെ ലോകത്തിലേക്ക് എത്തിക്കുക. | പത്രവായന പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. ലൈബ്രറി പുസ്തകങ്ങൾ എല്ലാ കുട്ടികളിലും എത്തിക്കുന്നു. പുസ്തക പരിചയം, വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ് എന്നിവക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | | HM. |
| 12. | സ്റ്റിച്ചിംഗ് / ക്രാഫ്റ്റ് വർക്ക്. | താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി സ്റ്റിച്ചിംഗ്, ക്രാഫ്റ്റ് വർക്ക് എന്നിവ അഭ്യസിപ്പിക്കുന്നു. | സ്റ്റിച്ചിംഗ്, ക്രാഫ്റ്റ് വർക്ക്, Paper bag നിർമ്മാണം എന്നിവയുടെ ശില്പശാല നടത്തുന്നു. താല്പര്യമുള്ളവരെ കണ്ടെത്തി കൂടുതലായി പരിശീലിപ്പിക്കുന്നു. | 2025 സെപ്റ്റംബർ | അധ്യാപകർ | | HM |